പത്രക്കുറിപ്പ്


**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**

T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05


04-03-2021

# ഹോസ്റ്റലുകളുടെ രജിസ്ട്രേഷന് നിയമനിർമാണം നിർബന്ധമെന്ന് ബാലാവകാശ കമ്മീഷൻ

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഹോസ്റ്റലുകളും രജിസ്റ്റർ ചെയ്യുന്നതിന് നിയമനിർമാണം നടത്തണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. ഹോസ്റ്റലുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളുടെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിയമനിർമാണം ആവശ്യമാണെന്ന് കമ്മീഷൻ വ്യക്തമാക്കി. കുട്ടികൾ താമസിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധമില്ലാത്ത ഹോസ്റ്റലുകൾക്കും ബാധകാമകുന്ന് വിധത്തിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കമ്മീഷൻ അംഗം കെ. നസീർ വ്യക്തമാക്കി.

ഹോസ്റ്റലുകളുടെ രജിസ്ട്രേഷനും അന്തേവാസികളായ കുട്ടികളുടെ സംരക്ഷണവും നിരീക്ഷണവും ഉറപ്പാക്കുന്ന നിയമനിർമാണം കൊണ്ടുവരുന്നതിന് കാലതാമസം എടുക്കുന്ന പക്ഷം ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ 2018-ൽ കൊണ്ടുവന്ന മാർഗരേഖ നടപ്പാക്കുകയോ സമാനമായ മാർഗരേഖ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണം. സാമൂഹികവകുപ്പ് സെക്രട്ടറിയും വനിത - ശിശു വികസന വകുപ്പ് ഡയറക്ടറും ഇതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളും ഓർഫൻ വിഭാഗത്തിൽപ്പെടുന്ന കുട്ടികളും താമസിക്കുന്ന സ്ഥലങ്ങൾ 2015-ലെ ബാലനീതി നിയമം പ്രകാരവും 1960 - ലെ The Orphanages and Other Charitable Homes (Supervision and Control) Act പ്രകാരവും രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ്. കുട്ടികളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുമാണ് രജിസ്ട്രേഷൻ നിർബന്ധമാക്കിയത്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനവുമായി ബന്ധപ്പെട്ടതോ അല്ലാ

ത്തതോ ആയ ഹോസ്റ്റലുകളുടെ രജിസ്ട്രേഷനോ ബന്ധപ്പെട്ട നിയന്ത്രണങ്ങളോ ഉറപ്പ് വരുത്താൻ സംസ്ഥാനത്ത് നിയമങ്ങൾ നിലവിലില്ല. അതുകൊണ്ട് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളുടെ സുരക്ഷിതത്വവും അടിസ്ഥാന ബാലാവകാശങ്ങളും ഉറപ്പാക്കുന്നതിന് ഹോസ്റ്റലുകളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച നിയമ നിർമ്മാണം അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തി.

വർക്കല പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഹിദായത്തുൽ ബനാത്ത് തർബിയത്ത് സെന്റർ എന്ന പേരിൽ പെൺകുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന മതപാഠശാല സംബന്ധിച്ച പരാതി തീർപ്പാക്കുകയായിരുന്നു കമ്മീഷൻ. സ്ഥാപനത്തിൽ മറ്റു തരത്തിലുള്ള ബാലാവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് നിരീക്ഷിച്ച കമ്മീഷൻ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിരീക്ഷണവും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

*5197/01-R/C1/2019/KeSCPCR*